(ബി) ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ഉദ്ഘാടനം ചെയ്യാൻ സാധിക്കുമോ ;

(സി) ഇനി ഏതൊക്കെ പണികളാണ് ശേഷിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും എത്ര ലക്ഷം രൂപയാണ് ഇതിന് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലണ്.

(ബി) ഉദ്ഘാടനം എത്രയും വേഗത്തിൽ നടത്തുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ഇൻഡോർ സ്റ്റേഡിയം, ഫുട്ബോൾ കോർട്ട്, റണ്ണിംഗ് ട്രാക്ക്, ഗ്യാലറി, വോളിബോൾ കോർട്ട്, ബാസ്ക്കറ്റ്ബോൾ കോർട്ട്, പവിലിയൻ, മതിൽ, ഗേറ്റ് തുടങ്ങിയവയുടെ പണികൾ അവസാന ഘട്ടത്തിലാണ്.

(ഡി) സർക്കാർ സ്ഥാപനമായ സിഡ്ക്കോയ്ക്കാണ് നിർമ്മാണ ചുമതല. 5,04,30,077-രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

ദേശീയ ആർച്ചറി അക്കാദമി

271 (868) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുൽപ്പള്ളിയിൽ ആരംഭിക്കുന്ന ദേശീയ ആർച്ചറി അക്കാഡമിയുടെ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ ;

(ബി) അക്കാഡമിയിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) അക്കാഡമിയുടെ കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര കാലംകൊണ്ട് പൂർത്തീകരിക്കാനാവുമെന്നും ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അക്കാഡമിയ്ക്ക് കേരള വർമ്മ പഴശ്ശിരാജയുടെ നാമദേയം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ പുൽപ്പള്ളിയിൽ ഒരു ആർച്ചറി അക്കാഡമി സ്ഥാപിക്കുന്നതിനായി 8 ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലത്തിന്റെ സംരക്ഷണ ചുമതല ജില്ലാ സ്പോർട്സ് കൗൺസിലിനെ ഏൽപ്പിക്കുകയും താൽക്കാലികമായി അക്കാഡമി ആരംഭിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ അക്കാഡമി സ്ഥാപിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനായി ജംഷഡ്പൂരിലെ ടാറ്റാ ആർച്ചറി അക്കാഡമി സന്ദർശിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് ഒരു വിദഗ്ദ്ധ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) സംസ്ഥാന സർക്കാർ ലഭ്യമാക്കിയ 8 ഏക്കർ സ്ഥലത്ത് ആർച്ചറി അക്കാഡമി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് നൽകുന്നതിനും താൽക്കാലികമായി ഷെഡ് പണിത് അക്കാഡമി പ്രവർത്തനം ആരംഭിക്കുന്നതിന് വയനാട് ജില്ലാ സ്പോർട്സ് കൗൺസിലിന് ഫണ്ട് ലഭ്യമാക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് അനുവദിച്ച തുക

272 (869) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി സ്പോർട്സ് കൗൺസിൽ, കായികയുവജനകാര്യാലയം എന്നിവ മുഖാന്തിരം അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

273 (870) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിർദ്ദിഷ്ട ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly